നബി (صلى الله عليه وسلم" (സമിഅല്ലാഹു ലിമൻ ഹമിദഹു" എന്ന് പറഞ്ഞതിന് ശേഷം,
അവിടുന്ന് സുജൂദിൽ വീഴുന്നത് വരെ ഞങ്ങളിൽ ആരും തങ്ങളുടെ
മുതുകുകൾ വളക്കുമായിരുന്നില്ല. അതിന് ശേഷം
മാത്രമായിരുന്നു ഞങ്ങൾ അവിടുത്തെ പിന്നിലായി
സുജൂദിലേക്ക് പോയിരുന്നത്
അബ്ദുല്ലാഹ് ഇബ്നു യസീദ് അൽ-ഖത്മി നിവേദനം: ബറാഅ് ഇബ്നു ആസിബ് എന്നോട് ഒരു ഹദീസ്
പറഞ്ഞു; അദ്ദേഹം കളവ് പറയുന്ന ഒരാളേയല്ല. നബി (صلى الله عليه وسلم" (സമിഅല്ലാഹു ലിമൻ ഹമിദഹു" എന്ന്
പറഞ്ഞതിന് ശേഷം, അവിടുന്ന് സുജൂദിൽ വീഴുന്നത് വരെ ഞങ്ങളിൽ ആരും തങ്ങളുടെ മുതുകുകൾ
വളക്കുമായിരുന്നില്ല. അതിന് ശേഷം മാത്രമായിരുന്നു ഞങ്ങൾ അവിടുത്തെ പിന്നിലായി
സുജൂദിലേക്ക് പോയിരുന്നത്.
[സ്വഹീഹ്] [ബുഖാരിയും മുസ്ലിമും ഉദ്ധരിച്ചത്]
സത്യസന്ധനായ ബറാഅ് ഇബ്നു ആസിബ് (عنـــــه اللـــــه رضـــــي (പറയുന്നു: നബി (صلى الله عليه وسلم) റുകൂഇൽ നിന്ന് തല
ഉയർത്തുകയും "സമി അല്ലാഹു ലിമൻ ഹമിദഹു" എന്ന് പറയുകയും ചെയ്താൽ അവിടുത്തെ
പിന്നിലുണ്ടായിരുന്നവരിൽ ഒരാളും സുജൂദിലേക്ക് പോകാൻ വേണ്ടി മുതുകുകൾ
വളക്കുമായിരുന്നില്ല. നബി (صلى الله عليه وسلم) തൻ്റെ നെറ്റിത്തടം നിലത്ത് വെച്ച് സുജൂദ് ചെയ്യുന്നത്
വരെ അവരെല്ലാം നിന്ന നിലയിൽ തന്നെ തുടരും; അതിനുശേഷമായിരുന്നു അവരെല്ലാം സുജൂദിലേക്ക്
പോയിരുന്നത്.
https://www.sunnah.global/hadeeth/ml/show/6097